LIBRARY ARCHIVES Kerala Legislative Assembly

പഴയകന്നമ്മൽ സർവ്വീസ് സഹകരണ ബാങ്ക് വായ്പാ തട്ടിപ്പ്

123 (468) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴയകന്നമ്മൽ സർവ്വീസ് സഹകരണ ബാങ്ക് വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് കേസ് നിലവിലുണ്ടോ ;

(ബി) എത്ര രൂപയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളതെന്നും കേസിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ ;

(സി) ഈ ബാങ്കിന്റെ ആസ്തി എത്ര രൂപയാണെന്നും വായ്പയിനത്തിൽ നൽകിയ തുക എത്ര എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കേസ് നിലവിലുണ്ട്.

(ബി) പഴയകന്നമ്മൽ സർവ്വീസ് സഹകരണ ബാങ്ക് നൽകിയ 10 ലക്ഷം രൂപ വീതമുള്ള 10 വായ്പകളിലായി ഒരു കോടി രൂപയുടെ വായ്പാ തട്ടിപ്പാണ് നടന്നിട്ടുള്ളത്. ജാമ്യവസ്തുവിന്റെ ഉടമസ്ഥാവകാശം വായ്പക്കാർക്കല്ലെന്ന് രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടിൽ വ്യക്തമായ സാഹചര്യത്തിൽ ബാങ്കിനെ കബളിപ്പിച്ചതായി കണ്ട് ബന്ധപ്പെട്ട വായ്പക്കാർ ഉൾപ്പെടെ 12 പേർക്കെതിരെ കിളിമാനൂർ പോലീസ് ക്രിമിനൽ കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു.

(സി) ബാങ്കിന്റെ ആസ്തി 228 കോടി രൂപയാണ്. ബാങ്ക് വായ്പ ഇനത്തിൽ നൽകിയിട്ടുള്ളത് 96 കോടി രൂപയുമാണ്.

കൺസ്യൂമർഫെഡിലെ നിയമനങ്ങൾ

124 (469) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡ് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം സ്ഥിരമായോ താൽക്കാലികമായോ ദിവസക്കൂലിയടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ട് ; അവരിൽ ഇപ്പോഴും തുടർന്നു വരുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിലെ താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി എന്തായിരുന്നുവെന്നും വിധിക്കുശേഷം നടത്തിയ നിയമനങ്ങൾ എത്രയെന്നും അറിയിക്കുമോ ;

(സി) കൺസ്യൂമർഫെഡ് ഇന്നത്തെ നിലയിലേക്ക് എത്താനിടയാക്കിയ നടപടികളിൽ മേൽപറഞ്ഞ തരത്തിലുള്ള നിയമനങ്ങൾകൂടി കാരണമായിട്ടുണ്ടായിരുന്നുവോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

നിയമനരീതി	തസ്തിക		എണ്ണം
സ്ഥിരം നിയമനം (ആശ്രിത നിയമനം)	ക്ലറിക്കൽ അറ്റൻഡർ		1
	സെയിൽസ് ഹെൽപ്പർ		6
	സ്വീപ്പർ/അറ്റൻഡർ		2
		ആകെ	9
ദിവസക്കൂലി	വിവിധ തസ്തികകൾ		3714
കരാർ അടിസ്ഥാനം	ഹാർഡ് വെയർ ടെക്നീഷ്യൻ		10
	ലാബ് ടെക്നീഷ്യൻ		1
	അഡ്മിനിസ്ട്രേറ്റീവ് ആഫീസർ		1
	മാനേജ്മെന്റ് ട്രെയിനി		114
	ഫാർമസിസ്റ്റ്		130
	പ്രിൻസിപ്പാൾ		1
	സീനിയർ ലക്ചറർ		3
		ആകെ	260

ഇപ്പോഴും തുടർന്നുവരുന്നവരുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

സ്ഥിര നിയമനം (ആശ്രിത നിയമനം) - 9

ദിവസക്കൂലി (വിവിധ തസ്തികകൾ) - 3358

കരാർ അടിസ്ഥാനം - 187

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ കേസ്സുകളിലുള്ള ഹൈക്കോടതി വിധിയുടെ സാരാംശം ചുവടെ ചേർക്കുന്നു :

1. WP(C)No. 25183/2011 (W) order dated 21-8-2006. Casual or other employees can be appointed only through employment exchange and they should not be allowed to work for more than six months.

2. WP(C)No. 3923/2011 (M) order dated 8-2-2011. Interim order restraining Consumerfed and its officers from appointing persons on daily wages basis until further orders.

3. WP(C)No. 6260/2011 (F) order dated 1-3-2011. Interim order staying the regularisation of persons appointed and working on daily wages in Consumerfed for a period of one month.

വിധിക്ക് ശേഷം നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഹാർഡ്വെയർ ടെക്നീഷ്യൻ	10
ലാബ് ടെക്നീഷ്യൻ	1
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ	1
മാനേജ്മെന്റ് ടെയിനി	114
ഫാർമസിസ്റ്റ്	130
പ്രിൻസിപ്പാൾ	1
സീനിയർ ലക്ചറർ	3
ആകെ	260

ദിവസ വേതന ജീവനക്കാർ - 3839

(സി) മേൽപ്പറഞ്ഞ തരത്തിലുള്ള നിമയനങ്ങൾ നടത്തിയത് കൺസ്യൂമർഫെഡിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly